## ജലസേചനവകുപ്പ് ഭരണവിഭാഗം
## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം.
## (ഹാജർ -കെ.എ. ജോഷി)

**വിഷയം:-** ജലസേചനം - ജീവനക്കാര്യം - ശ്രീ. കെ. രാജൻ, യു.ഡി. ക്ലർക്ക് - ശൂന്യവേതനാവധിയ്ക്ക് ശേഷം ജോലിയിൽ പ്രവേശിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**പരാമർശം:-**
1. 02.04.2009 തീയതിയിലെ ജി.ഒ (ആർ.റ്റി) നം: 387/2009/ജ.വി.വാം നമ്പർ ഉത്തരവ്.
2. 29.8.2014-ലെ ബി3-5258/2009-ാം നമ്പർ ഉത്തരവ്.
3. 30.5.2017 തീയതിയിലെ ശ്രീ. രാജൻ, യു.ഡി. ക്ലർക്കിന്റെ അപേക്ഷ.

## ഉത്തരവ് നം: ബി3/5258/2008 തീയതി 31-05-2017

ശ്രീ. കെ. രാജൻ, യു.ഡി. ക്ലർക്കിന് പരാമർശം (1), (2) -ലെ ഉത്തരവുകൾ പ്രകാരം 31.5.2017 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. ശൂന്യവേതനാവധി 31.5.2017-ന് അവസാനിച്ചതിനാൽ പരാമർശം (3) പ്രകാരം ജോലിയിൽ പ്രവേശിക്കുന്നതിനായി ടിയാൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ഒറ്റപ്പാലം, കെ.പി.ഐ.പി സബ്ഡിവിഷൻ, പാലക്കാട്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ യു.ഡി. ക്ലർക്കായിരിക്കെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ടിയാന് നിലവിൽ പാലക്കാട് ജില്ലയിൽ ഒഴിവില്ലാത്തതിനാൽ ടിയാനെ ഹൈഡ്രോളിക് റിസർച്ച്, പീച്ചി, ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് നിയമനം നല്കി ഉത്തരവാകുന്നു.

ടിയാൻ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

ശ്രീ. കെ. രാജൻ, യു.ഡി. ക്ലർക്ക്.

പകർപ്പ്:- 1. ഡയറക്ടർ, ഫണ്ടമെന്റൽ & അപ്ലൈഡ് റിസർച്ച്, കെ.ഇ.ആർ.ഐ, പീച്ചി.

2. ജോയിന്റ് ഡയറക്ടർ, ഹൈഡ്രോളിക് റിസർച്ച്, കെ.ഇ.ആർ.ഐ, പീച്ചി (ശ്രീ. കെ. രാജൻ ജോലിയിൽ പ്രവേശിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതും ടിയാന്റെ സേവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.പി.ഐ.പി. സബ്ഡിവിഷൻ, ഒറ്റപ്പാലം.

4. ജൂനിയർ സൂപ്രണ്ട്, സീനിയോരിറ്റി സെൽ

5. അധികം / കരുതൽ.

6. AEE, IT cell.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്